**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 665** **23-02-2022 - ൽ മറുപടിയ്ക്ക്**

**സൗര പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന സൗര പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളുടെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കാമോ? | (എ) | 'സൗര' പദ്ധതി രണ്ട് ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. എല്ലാത്തരം ഉപഭോക്താക്കൾക്കും ബാധകമായ 'സൗര ഫേസ്-I' പദ്ധതിയും ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രം ബാധകമായ 'സൗര ഫേസ്-II' സബ്സിഡി പദ്ധതിയും. 'സൗര ഫേസ്-I' പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ ഇല്ല. ഈ പദ്ധതിയിൽ 14 MW ന്റെ സൗരനിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതി 2022 മാർച്ച് മാസത്തോടു കൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. 'സൗര ഫേസ് –II' പദ്ധതിയിൽ നിലവിൽ 5.298 MW നിലയങ്ങൾ പൂർത്തീകരിച്ചു. 2022 - ജൂലൈ അവസാനത്തോടെയാണ് പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നത്. 'സൗര ഫേസ്-I' - ഉം 'ഫേസ് –II' - ഉം സംബന്ധിച്ച വിവിധ ജില്ലകളിലെ പുരോഗതിയുടെ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ